# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2101 18.07.2016 ൽ മറുപടിയ്ക്ക്

**കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഏറ്റെടുക്കുന്ന പൊതുമരാമത്ത് പ്രവൃത്തികൾ**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.എം.രാജഗോപാലൻ | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) കേരളത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ കരാറെടുക്കുന്ന 'കൺസ്ട്രക്ഷൻ കോർപ്പറേഷൻ' വഴി സബ് കോൺട്രാക്ട് ലഭിക്കുന്ന കരാറുകാർ ആരൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) കൺസ്ട്രക്ഷൻ കോർപ്പറേഷൻ അതാത് വർഷങ്ങളിലെ എംപാനൽഡ് ലിസ്റ്റിൽപ്പെട്ട കരാറുകാർക്കാണ് പ്രവൃത്തികൾ ഉപകരാർ നൽകുന്നത്. നിലവിലെ കരാറുകാരുടെ ലിസ്റ്റ് ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു. |
| (ബി) സംസ്ഥാനത്തെ പൊതുമരാമത്ത് പ്രവൃത്തികൾ കരാറെടുത്ത ശേഷം മറിച്ച് നൽകുന്ന നടപടി മൂലം പല പ്രവൃത്തികളും തടസ്സപ്പെടുന്ന വിവരം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട് |
| (സി) ഇത്തരത്തിൽ പ്രവൃത്തി മറിച്ച് നൽകുന്നത്, പി.ഡബ്ല്യൂ.ഡി എസ്റ്റിമേറ്റ് തുകയിൽ വ്യാപക വർദ്ധനവ് വരുത്തുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ഡി) ടെണ്ടർ എടുത്ത തുകയേക്കൾ ഇരട്ടിയോളം റിവൈസ്ഡ് എസ്റ്റിമേറ്റ് നൽകി സംസ്ഥാന ഖജനാവിന് നഷ്ടം വരുത്തുന്ന രീതിയിൽ പ്രവൃത്തി മറിച്ച് നൽകുന്ന കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ നടപടി അവസാനിപ്പിക്കുന്നതിന് എന്താണ് തടസ്സമെന്ന് വ്യക്തമാക്കാമോ; | (സി) & (ഡി) ഉണ്ട്. കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഒരു പൊതുമേഖല സ്ഥാപനമാണ്. ആവശ്യമായ പശ്ചാത്തല സൗകര്യമോ മനുഷ്യവിഭവശേഷിയോ നിലവിലില്ലാത്തതിനാൽ ഉപകരാർ നൽകാതെ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുവാൻ കോർപ്പറേഷന് നിലവിൽ സാധ്യമല്ല. ഇപ്രകാരം ഉപകരാർ നൽകുന്ന ചില പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തുകയിൽ വർദ്ധനവ് ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ കോർപ്പറേഷൻ ഇപ്രകാരം നിലനിർത്തണോ എന്ന കാര്യം പരിശോധിച്ച് വരികയാണ്. |
| (ഇ) പ്രവൃത്തി വൈകുന്നതിനും സാമ്പത്തിക നഷ്ടത്തിനും കാരണമാകുന്ന സർക്കാർ ഏജൻസിയെ നിയന്ത്രിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ? | (ഇ) പരിശോധിക്കുന്നതാണ്. |

Gnaden

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**